(ഡി) ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് കോംഡവലപ്പ്മെൻറ് സ്കീമിൻെറ പണിക്കുള്ള സംഖ്യ കെ. എൽ. ഡി. സി. ക്ക് കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ഈ പദ്ധതി എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നു പറയാമോ ?

ഉത്തരം

(എ) ചിമ്മിനി പദ്ധതിയുടെ മൺ അണക്കെട്ടിൻെറ പണി ഭാഗികമായി ഡിപ്പാർട്ട്മെൻറ് മുഖേനയും കുറിങ്കൽ അണക്കെട്ടിൻെറ പണികൾ പീസ് വർക്ക് അടിസ്ഥാനത്തിലും നടത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ചിമ്മിനി പദ്ധതി പൂർത്തിയാക്കാത്തതിനാൽ കെ. എൽ. ഡി. സിക്കു പണം ലഭിക്കാതിരിക്കുന്നില്ല.

(ഇ) 1987 ജൂൺ മാസത്തിൽ ഈ പദ്ധതിയിൽ ജലം ഭാഗികമായി സംഭരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാമൂഹ്യ ജലസേചന പദ്ധതിപ്രകാരം ജലം ലഭിക്കുന്ന ഭൂമി

526. [720] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യജലസേചന പദ്ധതി പ്രകാരം എത്ര ഹെക്ടർ കൃഷി ഭൂമിക്ക് ജലം നൽകുവാൻ സാദ്ധ്യമാകും ;

(ബി) ഈ വർഷം പ്രസ്തുത പദ്ധതികൾക്ക് ആകെ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കുന്ന സാമൂഹ്യ ജലസേചന പദ്ധതിപ്രകാരം ഏകദേശം 10,000 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) സാമൂഹ്യ ജലസേചനത്തിനും മൈനർ ഇറിഗേഷൻ പരിപാടികൾക്കുംവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുകയുടെ ഒരു ഭാഗവും ലഭ്യമാകുന്ന മറ്റു വിഭവങ്ങളും വിനിയോഗിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ലോക മലയാള സമ്മേളനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

527. [721] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബർലിനിൽ നടന്ന ലോക മലയാള സമ്മേളനത്തിൽ കേരളത്തിൽനിന്നും എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

കഴിഞ്ഞ സ്കൂൾ യുവജനോൽസവത്തിൽ വിവിധ ഇനങ്ങളിൽ മൽസരിച്ച് ഒന്നാം സമ്മാനം നേടിയ കലാബേബിത്തോട്ടം, ഷാജ്ജു, ശങ്കരൻ നമ്പൂതിരി

LIBRARY ARCHIVES Kerala Legislative Assembly